## എസ്.എസ്.എൽ.സി മോഡൽ എക്സാമിനേഷൻ മാർച്ച് 2021
## ജീവശാസ്ത്രം

| ചോദ്യ നമ്പർ | | ഉത്തരസൂചിക | മാർക്ക് |
|---|---|---|---|
| **1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് 1 മാർക്ക് വീതം** | | | |
| 1 | | സിവറ്റോൺ | 1 |
| 2 | b | അന്ധബിന്ദു | 1 |
| 3 | | സംവേദനാഡി | 1 |
| 4 | | A – ഫോസ്ഫേറ്റ് , B– പഞ്ചസാര | 1 |
| 5 | | രാസപരിണാമസിദ്ധാന്തം | 1 |
| 6 | | റെസ്ട്രിക്ഷൻ എൻഡോന്യൂക്ലിയേസ് | 1 |
| 7 | | എഥിലിൻ | 1 |
| 8 | | പ്ലാസ് മോഡിയം – അനോഫിലസ് കൊതുക് | 1 |
| 9 | | കെരാറ്റിൻ | 1 |
| 10 | | ഇന്റർഫെറോണുകൾ | 1 |
| **11 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് 2 മാർക്ക് വീതം** | | | |
| 11 | (a) | അൽഷിമേഴ്സ് | 1 |
| | (b) | മസ്തിഷ്കത്തിലെ നാഡീകലകളിൽ അലേയമായ ഒരുതരം പ്രോട്ടീൻ അടിഞ്ഞ് കൂടി ന്യൂറോണുകൾ നശിക്കുന്നു. | 1 |
| 12 | (a) | A – റോഡുകോശം, B– കോൺകോശം | 1 |
| | (b) | A – റൊഡോപ്സിൻ, B– ഫോട്ടോപ്സിൻ | 1 |
| 13 | |  ഡിഓക്സിറൈബോസ് | 2 |
| 14 | (a) | DNA ഫിംഗർപ്രിന്റിംഗ് | 1 |
| | (b) | ഓരോ വ്യക്തിയിലെയും വിരലടയാളം വ്യത്യസ്തമായിരിക്കുന്നതുപോലെ DNA യിലെ ന്യൂക്ലിയോറ്റൈഡുകളുടെ ക്രമീകരണവും വ്യത്യസ്തമായിരിക്കും എന്ന കണ്ടെത്തൽ | 1 |
| 15 | | (table below) | 2 |

| A രോഗം | B കാരണം | C ലക്ഷണങ്ങൾ |
|---|---|---|
| നിശാന്ധത | വിറ്റാമിൻ A യുടെ അഭാവം | മങ്ങിയ വെളിച്ചത്തിൽ വ്യക്തമായി കാണാൻ കഴിയില്ല |
| വർണ്ണാന്ധത | കോൺകോശങ്ങളുടെ തകരാറ് | ചുവപ്പും പച്ചയും വേർ തിരിച്ചറിയാൻ കഴിയില്ല |
| | | |

| | | | |
|---|---|---|---|
| 16 | | യോജിക്കുന്നു.കാരണം വാക്സിനുകളിലെ ഘടകങ്ങൾ ശരീരത്തിലെ പ്രതിരോധപ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്ന ആന്റിജനുകളായി പ്രവർ ത്തിക്കുന്നു.ഇവയ്ക്കെതിരെ ശരീരത്തിൽ ആന്റിബോഡികൾ നിർ മ്മിക്കപ്പെടുന്നു.ആന്റിബോഡികൾ ശരീരത്തിൽ നിലനിൽക്കുന്നിടത്തോളം ഭാവിയിൽ ഈ രോഗത്തിന് കാരണമായ രോഗകാരികളിൽ നിന്നും ശരീരത്തെ | 2 |

| | | | |
|---|---|---|---|
| | | സംരക്ഷിക്കുന്നു. | |
| 17 | (a) | A – മെഡുല്ല B– കോർട്ടക്സ് | 1 |
| | (b) | എപിനെഫ്രിൻ / അഡ്രിനാലിൻ, നോർഎപിനെഫ്രിൻ/ നോർ അഡ്രിനാലിൻ | 1 |
| 18 | (a) | പ്രകൃതിനിർധാരണ സിദ്ധാന്തം | 1 |
| | (b) | ചാൾസ് റോബർട്ട് ഡാർവിൻ | 1 |
| 19 | | (A) ഭീമാകാരത്വം | 1/2 |
| | | (ii) മുഖം,താടിയെല്ല്,വിരലുകൾ എന്നിവിടങ്ങളിലെ അസ്ഥികൾ വളരുന്നു | 1/2 |
| | | (C) വാമനത്വം | 1/2 |
| | | (iii) വളർച്ച മുരടിക്കുന്നു | 1/2 |
| 20 | | സിംപതറ്റിക് വ്യവസ്ഥ / പാരാസിംപതറ്റിക് വ്യവസ്ഥ<br>ഹൃദയമിടിപ്പ് കൂടുന്നു / ശ്വാസനാളം സങ്കോചിക്കുന്നു<br>പെരിസ്റ്റാൾസിസ് മന്ദീഭവിക്കുന്നു / ഉമിനീർ ഉൽപ്പാദനം കൂടുന്നു | 2 |
| 21 | (a) | AB ഗ്രൂപ്പ് | 1 |
| | (b) | അനുയോജ്യമല്ലാത്ത രക്തം സ്വീകരിക്കുമ്പോൾ ദാതാവിന്റെ രക്തത്തിലെ ആന്റിജനും സ്വീകർത്താവിന്റെ രക്തത്തിലെ ആന്റിബോഡിയും തമ്മിൽ പ്രതിപ്രവർത്തിച്ച് രക്തക്കട്ടരൂപപ്പെടുന്നു. | 1 |
| 22 | (b) | XX | 1/2 |
| | (i) | 44+XX | 1/2 |
| | (c) | XY | 1/2 |
| | (iv) | 44+XY | 1/2 |
| | | **23 മുതൽ 32 വരെയുള്ള ചോദ്യങ്ങൾക്ക് 3 മാർക്ക് വീതം** | |
| 23 | A | സെറിബ്രം – ചിന്ത,ബുദ്ധി,ഭാവന,ഓർമ്മ എന്നിവയുടെ കേന്ദ്രം.ഇന്ദ്രിയാനുഭവങ്ങൾ ഉളവാക്കുന്നു.ഐച്ഛിക ചലനങ്ങളെ നിയന്ത്രിക്കുന്നു | 1 |
| | B | സെറിബല്ലം – പേശീപ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ശരീരതുലനനില പാലിക്കുന്നു | 1 |
| | C | മെഡുല്ല ഒബ്ലോംഗേറ്റ – ഹൃദയസ്പന്ദനം,ശ്വാസോച്ഛ്വാസം തുടങ്ങിയ അനൈച്ഛിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു | 1 |
| 24 | (a) | കാൻസർ | 1 |
| | (b) | പരിസ്ഥിതി ഘടകങ്ങൾ,പുകവലി,വികിരണം,വൈറസ്,പാരമ്പര്യഘടകങ്ങൾ | 1 |
| | (c) | രക്തം,ലിംഫ് എന്നിവയിലൂടെ കാൻസർകോശങ്ങൾ മറ്റ് ശരീരഭാഗങ്ങളിലേക്ക് വ്യാപിക്കുന്നത് രോഗാവസ്ഥ സങ്കീർണ്ണമാക്കും.രോഗം മൂർച്ഛിച്ച അവസ്ഥയിൽ രോഗമുക്തി പ്രയാസകരമാണ്.അതിനാൽ ഏറ്റവും നേരത്തേ രോഗബാധ തിരിച്ചറിയുക എന്നത് കാൻസർ ചികിത്സയിൽ നിർണ്ണായകമാണ്. | 1 |
| 25 | | ഉച്ഛ്വാസ വായു വഴി ഗന്ധകണികകൾ മൂക്കിലേക്ക് പ്രവേശിക്കുന്നു | 1/2 |
| | | ഗന്ധകണികകൾ മൂക്കിനുള്ളിലെ ശ്ലേഷ്മത്തിൽ ലയിക്കുന്നു | 1/2 |
| | | ഗന്ധഗ്രാഹികളെ ഉദ്ദീപിപ്പിക്കുന്നു. | 1/2 |
| | | ആവേഗങ്ങൾ ഉണ്ടാകുന്നു | 1/2 |
| | | ഗന്ധനാഡി വഴി ആവേഗങ്ങൾ മസ്തിഷ്കത്തിലെത്തുന്നു | 1/2 |
| | | ഗന്ധം എന്ന അനുഭവം ഉണ്ടാകുന്നു | 1/2 |
| 26 | | എയ്ഡ്സ് പകരുന്ന സാഹചര്യം | |
| | | HIV ബാധിതരുമായുള്ള ലൈംഗിക ബന്ധത്തിലൂടെ | 2 |
| | | HIV ബാധിതയായ അമ്മയിൽ നിന്ന് കുഞ്ഞിലേക്ക് | |

| | | | |
|---|---|---|---|
| | | HIV ഘടകങ്ങളുള്ള സൂചിയും സിറിഞ്ചും പങ്കുവയ്ക്കുന്നതിലൂടെ | |
| | | HIV അടങ്ങിയ രക്തവും അവയവും സ്വീകരിക്കുന്നതിലൂടെ (ഏതെങ്കിലും രണ്ടെണ്ണം എഴുതുക) | |
| | | എയ്ഡ്സ് പകരാത്ത സാഹചര്യം | |
| | | • സ്പർശനം, ഹസ്തദാനം, ചുമ, തുമ്മൽ എന്നിവയിലൂടെ.<br>• കൊതുക്, ഈച്ച തുടങ്ങിയ പ്രാണികളിലൂടെ.<br>• ഒരുമിച്ച് താമസിക്കുക, ആഹാരം പങ്കിടുക എന്നിവയിലൂടെ.<br>• ഒരേ ശൗചാലയം ഉപയോഗിക്കുന്നതിലൂടെ.<br>• ഒരേ കുളത്തിൽ കുളിക്കുന്നതിലൂടെ.<br>(ഏതെങ്കിലും ഒരെണ്ണം എഴുതുക) | 1 |
| 27 | (a) | ഫാഗോസൈറ്റോസിസ് | 1 |
| | (b) | ന്യൂട്രോഫിൽ,മോണോസൈറ്റ് | 1 |
| | (c) | രോഗാണുക്കളെ സ്തരസഞ്ചിയിൽ ഉൾക്കൊള്ളുന്നു | 1 |
| 28 | i | കർണ്ണനാളം | 1/2 |
| | ii | കർണ്ണപടം | 1/2 |
| | iii | അസ്ഥിശൃംഖല | 1/2 |
| | iv | കോക്ലിയ | 1/2 |
| | v | ശ്രവണനാഡി | 1/2 |
| | vi | സെറിബ്രം | 1/2 |
| 29 | (a) | അല്ല.ആന്റിബയോട്ടിക്കുകൾ ബാക്ടീരിയാരോഗങ്ങൾക്കെതിരെ ഉപയോഗിക്കുന്ന ഔഷധങ്ങളാണ്. | 1 |
| | (b) | • ശരീരത്തിലെ ഉപകാരികളായ ബാക്ടീരിയകളെ നശിപ്പിക്കുന്നു<br>• ശരീരത്തിലെ ചില വിറ്റാമിനുകളുടെ അളവ് കുറയ്ക്കുന്നു.<br>• സ്ഥിരമായ ഉപയോഗം രോഗാണുക്കൾക്ക് ആന്റിബയോട്ടിക്കുകൾക്കെതിരായ പ്രതിരോധ ശേഷിയുണ്ടാക്കുന്നു.(ഏതെങ്കിലും രണ്ടെണ്ണം എഴുതുക) | 2 |
| 30 | (a) | 9–11mg/100ml രക്തം | 1 |
| | (b) | A – കാൽസിടോണിൻ,B – പാരാതോർമോൺ | 1 |
| | (c) | • അസ്ഥികളിൽ നിന്നും കാൽസ്യം രക്തത്തിൽ കലരുന്ന പ്രവർത്തനം തടയുന്നു<br>• രക്തത്തിൽ അധികമുള്ള കാൽസ്യത്തെ അസ്ഥികളിൽ സംഭരിക്കുന്നു | 1 |
| 31 | | (see table below) | 3 |

| A | B |
|---|---|
| ആർഡിപിത്തക്കസ് റാമിഡസ് | മനുഷ്യകുലത്തിലെ ഏറ്റവും പുരാതന അംഗം |
| ഹോമോ ഇറക്ടസ് | നിവർന്നു നിൽക്കാനുള്ള കഴിവ് |
| ഹോമോ ഹാബിലിസ് | കല്ലിൽ നിന്നും അസ്ഥിക്കഷണങ്ങളിൽ നിന്നും ആയുധങ്ങൾ നിർമ്മിച്ചു |

| | | | |
|---|---|---|---|
| 32 | (a) | ജീനുകളുടെ പ്രവർത്തനം / പ്രോട്ടീൻ നിർമ്മാണം | 1 |
| | (b) | A – റൈബോസോം B – mRNA | 1 |
| | (c) | DNA യിൽ നിന്നും പ്രോട്ടീൻ നിർമ്മാണത്തിനുള്ള സന്ദേശങ്ങളെ | 1 |

| | | | |
|---|---|---|---|
| | | റൈബോസോമിലെത്തിക്കുന്നു. | |
| **33 മുതൽ 36 വരെയുള്ള ചോദ്യങ്ങൾക്ക് 4 മാർക്ക് വീതം** | | | |
| 33 | | ഡെൻഡ്രൈറ്റ് (a) ആക്സോൺ (b) സിനാപ്റ്റിക് നോബ് (c)  (ചിത്രം പകർത്തി വരയ്ക്കുന്നതിന് 1 മാർക്ക്.ഭാഗങ്ങൾ തിരിച്ചറിഞ്ഞ് ശരിയായി അടയാളപ്പെടുത്തുന്നതിന് 3 മാർക്ക് ) | 4 |
| 34 | (a) | A,D | 1 |
| | (b) | B | 1 |
| | (c) | • ബീറ്റാകോശങ്ങൾ നശിക്കുന്നതിന്റെ ഫലമായി ഇൻസുലിൻ ഉൽപാദനത്തിലുണ്ടാകുന്ന കുറവ്<br>• ഉൽപാദിപ്പിക്കപ്പെടുന്ന ഇൻസുലിൻ കോശങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയാത്തത് | 1 |
| | (d) | • വർദ്ധിച്ച വിശപ്പും ദാഹവും കൂടെക്കൂടെയുള്ള മൂത്രമൊഴിക്കലും | 1 |
| 35 | (a) | A – ക്ഷയം B – ഹീമോഫീലിയ | 1 |
| | (b) | ഉൽപ്പാദനം തകരാലിലായ പ്രോട്ടീൻ ഏതെന്ന് കണ്ടെത്തി കുത്തിവയ്ക്കുന്നതുവഴി | 1 |
| | (c) | മൈക്കോബാക്ടീരിയം ട്യൂബർക്കുലോസിസ് | 1 |
| | (d) | രോഗി തുമ്മുകയോ ചുമയ്ക്കുകയോ സംസാരിക്കുകയോ ചെയ്യുമ്പോൾ വായുവിലെത്തുന്ന രോഗാണുക്കൾ മറ്റുള്ളവരിലേക്ക് പകരുന്നു | 1 |
| 36 | A | കോർണിയ | 1/2 |
| | B | ഐറിസ് | 1/2 |
| | C | റെറ്റിന | 1/2 |
| | D | നേത്രനാഡി | 1/2 |
| | A | കോർണിയ – പ്രകാശരശ്മികളെ കണ്ണിലേക്ക് പ്രവേശിപ്പിക്കുന്നു | 1 |
| | D | നേത്രനാഡി – കാഴ്ചയുടെ ആവേഗങ്ങളെ സെറിബ്രത്തിലെത്തിക്കുന്നു | 1 |


**തയ്യാറാക്കിയത്**

**എ.എം.കൃഷ്ണൻ**

**എച്ച്.എസ്.ടി**

**ഗവ.ഹയർ സെക്കന്ററി സ്കൂൾ കൊട്ടോടി**